# ഒരു സൂഫിവര്യൻെറ ജനനം

രാവിലെമുതൽ മൊബയിലിൽ സുഹ്രുത്തുക്കളുടെ ദീപാവലി ഗ്രീറ്റിങ്സ് വന്നുകൊണ്ടിരുന്നു. അവ വായിച്ച് മറുപടി അയച്ചുകൊണ്ടിരിക്കുമ്പോളാണ് ഹരികുമാറിൻെറ സന്ദേശം. ഇംഗ്ലീഷിലാണ് സംഗതി.

ഒരു ഭർത്താവും ഭാര്യയും ഞങ്ങളോടൊപ്പം കുറേനാൾ താമസിക്കാനായി ഇന്നുവരുമത്രെ.

അവരോടൊപ്പം ദീപാവലി ആഘോഷിക്കാനും എഴുതിയിരിക്കുന്നു.

ഇന്നാണ് ദീപാവലി. അപ്പോൾ അവർ ഇന്നുവരും.

ഭർത്താവിൻെറ പേര് മിസ്റ്റർ ജോയി.

ഹരികുമാർ എൻെറ സഹോദരനാണ്. അയാളുടെ ചില സ്നേഹിതന്മാരെ ഒന്നുരണ്ടുദിവസത്തെ താമസത്തിനായി മുൻപും ഇങ്ങോട്ടയച്ചിട്ടുണ്ട്.

പക്ഷെ ഇത് അങ്ങിനെയാണെന്നു തോന്നുന്നില്ല. അവർ വരുന്നത് ഞങ്ങളെ തേടിയാണ്. കുറേനാൾ ഞങ്ങളുടെ കൂടെ താമസിക്കാനും.

പേരുകേട്ടിട്ട് ആളിനെ ഓർമ്മവരുന്നില്ല.

ഏതെങ്കിലും പഴയ സ്നേഹിതനായിരിക്കും. അല്ലെങ്കിൽ കുറേനാൾ താമസിക്കാനായി വരില്ലല്ലൊ?

സർവീസിൽ എത്രയോ അടുത്തസ്നേഹിതന്മാരുണ്ടായിരുന്നു. പേരുകൾപോലും മറന്നുപോയി.

അതിലൊരാളാകാം ജോയി.

“ഒരുപക്ഷെ അയാൾ ട്രാൻസ്ഫറായി വരുന്നതാണെങ്കിലോ?” ഭാര്യ ചോദിച്ചു.

ഞാൻ അവളെ സൂക്ഷിച്ചുനോക്കി. ഊഹം തെറ്റാകണമെന്നില്ല. ഒന്നതിശയിപ്പിക്കാമെന്നുകരുതി നേരിട്ട് മുന്നറിയിപ്പ് തരാത്തതാണെങ്കിലോ?“

”അങ്ങനെയാണെങ്കിൽ ഇവിടെ കുറെനാൾ ഉണ്ടാകുമല്ലൊ അവർ?“ ശ്യാമളയുടെ അടുത്തചോദ്യം.

ഞാൻ ചുറ്റിനും നോക്കി. ഒരു നീണ്ടകാലം മറ്റൊരു കുടുംബത്തിനുകൂടി താമസിയ്ക്കാൻ ഈ വീടുപോരാ. ഒരുപക്ഷെ കുട്ടികളും കണ്ടേക്കും.

വാടകവീട് നോക്കേണ്ടിവരും.

ഏതായാലും കുറെനാൾ താമസിയ്ക്കാനായി വരുമെന്നാണല്ലൊ അറിഞ്ഞത്. വീട് ശരിയാക്കിവയ്ക്കാം. അവരേയും ഒന്ന് അതിശയിപ്പിക്കാം.

പെട്ടെന്ന് രാഘവനെയാണ് ഓർമ്മവന്നത്. ഓഫീസിലെ സ്റ്റാഫാണ്. എതുകുഴഞ്ഞപ്രശ്നത്തിനും പരിഹാരം അയാൾക്കുണ്ട്. ചിലർക്ക് അങ്ങിനെ ഒരു പ്രത്യേകസിദ്ധിയുണ്ടല്ലോ?

വിവരം പറഞ്ഞപ്പോൾതന്നെ രാഘവൻെറ മറുപടി: ”ഒരു വീടുണ്ട്. ഇവിടെഅടുത്തുതന്നെ.“

പോയിനോക്കി. ഒരുവിധം സൗകര്യങ്ങളൊക്കെയുണ്ട്. വാടക രണ്ടായിരം രൂപ. ഒരുമാസത്തെവാടക അഡ്വാൻസായി കൊടുക്കണം. വീടെടുത്തില്ലെങ്കിൽ ആ തുക തിരിച്ചുകിട്ടില്ല.

അഡ്വാൻസ് കൊടുത്തിട്ട് ഞങ്ങൾ മടങ്ങി. പ്രശ്നം തീർന്നല്ലൊ.

ഞാനും ഭാര്യയും അത്യാഹ്ലാദത്തോടെ അതിഥികളെ കാത്തിരുന്നു. ഒരു ചെറിയ സദ്യതന്നെ ഒരുക്കി.

പക്ഷെ നാലുമണികഴിഞ്ഞിട്ടും അവരെത്തിയില്ല.

ഇനി അവർക്ക് വഴിയിലെന്തെങ്കിലും അപകടം?

വിഘ്നേശ്വരന് വഴിപാടുകൾ നേർന്നു.

മണി അഞ്ചായി.

”ഇനി അവർ ഇന്നുവരില്ല.“ ഞാൻ പറഞ്ഞുതീർന്നതും കാളിങ്ബെല്ലിൻെറ ശബ്ദം.

പക്ഷെ ഞങ്ങൾ പുറത്തുവന്നപ്പോൾ –

മുൻപിൽ നിൽക്കുന്നത് ഹരികുമാറും ഭാര്യ ഉഷയും.

അവരുടെ മുഖങ്ങളിൽ നിറഞ്ഞ സന്തോഷം. എങ്ങൊക്കെയോ ഷോപ്പിങ് കഴിഞ്ഞുവരുന്ന വഴിയാണ്.

സാധാരണനിലയിൽ അവരുടെ വരവ് ഞങ്ങൾക്കൊരാഘോഷമാണ്. പക്ഷെ ഇന്ന് –

ഞങ്ങളുടെ ഒരുദിവസം മുഴുവൻ നശിപ്പിച്ചിട്ട് നിന്നു ചിരിയ്ക്കുന്നു!

പക്ഷെ എൻെറ സുഹ്രുത്ത് വരാത്തത് ഇവരുടെ കുറ്റമല്ലല്ലോ?

”അവർ ഇതുവരെ വന്നില്ല.“ ശ്യാമള പറഞ്ഞു.

”ആര്? ആരുവന്നില്ലെന്നാ?“

അവരുടെ ചോദ്യം ശ്യാമളയെ ആകെ ദേഷ്യം പിടിപ്പിച്ചപ്പോൾ അവൾ എഴുന്നേറ്റ് അകത്തേക്കുനടന്നു. എവിടെയോ എന്തോ കുഴപ്പം പറ്റിയെന്ന് അപ്പോൾ എനിക്ക് ആദ്യമായി തോന്നി.

മറ്റാർക്കെങ്കിലും അയയ്ക്കാനുദ്ദേശിച്ച മെസ്സേജായിരുന്നോ?

കുട്ടികൾ വല്ലകുസ്രുതിയും ഒപ്പിച്ചതാണോ? പക്ഷെ അവരുടെ മക്കൾ അത്തരം കുസ്രുതികളല്ലല്ലോ?

”ഒരു ഭാര്യേം ഭർത്താവും ഇന്നിവിടെ വരുമെന്നും ഞങ്ങളോടൊപ്പം കുറേനാളുണ്ടാകുമെന്നും രാവിലെ ഹരിയല്ലേ മെസ്സേജയച്ചത്?“ ഞാൻ ഹരിയോടു ചോദിച്ചു.

ഒന്നും മനസിലാകാത്തതുപോലെ അയാൾ ഞങ്ങളെ മാറിമാറിനോക്കി.

പെട്ടെന്ന് അയാളുടെ മുഖത്ത് ചിരിവിടർന്നു. പിന്നെ അത് പൊട്ടിച്ചിരിയായി.

അങ്ങനെ പൊട്ടിച്ചിരിക്കാൻ ഒരു കാരണവും ഞാൻ കണ്ടില്ല.

അപ്പോൾ രണ്ടു ‘വിത്തൗട്ട് സ്മയിൽ” കോഫിയുമായി ശ്യാമളയും എത്തിച്ചേർന്നു.

ആരുകണ്ടാലും വളരെ രസകരമായി തോന്നുമായിരുന്ന ഒരു രംഗമായിരുന്നു അത്. തലതല്ലിച്ചിരിക്കുന്ന ഒരാൾ. ഒന്നും മനസ്സിലാകാതെ എല്ലാ മുഖങ്ങളിലേക്കും മാറിമാറി നോക്കുന്ന ഒരു സ്ത്രീ, രണ്ടു കപ്പുകളും കൈയ്യിലേന്തി പൊട്ടിച്ചിരിക്കുന്ന വ്യക്തിയുടെനേരേ ദേഷ്യഭാവത്തിൽ നോക്കുന്ന മറ്റൊരു സ്ത്രീ. ചിന്താക്കുഴപ്പത്തിൽ പെട്ടിരിക്കുന്ന മറ്റൊരാൾ.

ചിരി ഒട്ടൊന്നടങ്ങിയപ്പോൾ ഹരി മുന്നോട്ടുനീങ്ങി എന്റെ മൊബയിൽഫോൺ കയ്യിലെടുത്തു. എന്നിട്ട് മെസ്സേജ് എടുത്തുനോക്കി. പിന്നീടത് ഉഷയേക്കാണിച്ചിട്ട് ഉറക്കെ വായിച്ചു:

'ഐ ഗേവ് യുവർ അഡ്രസ്സ് റ്റു ദി കപ്പിൾ ഹു ആസ്ക്ഡ് ഫോർ ദി സെയിം. ദെ വിൽ വിസിറ്റ് യു റ്റുമാറോ ഫോർ എ ലോങ് സ്റ്റേ വിത് യു. ഹാവ് ഏ ബ്രയ്റ്റർ ദീപാവലി ഇൻ ദി കമ്പനി ഓഫ് മി. ജോയ് ആൻഡ് മിസ്സസ് പ്രോസ്പെരിറ്റി. ഹരികുമാർ.' (ഒരു ഭാര്യയും ഭർത്താവും കൂടി നിങ്ങളുടെ മേൽവിലാസം ചോദിച്ചപ്പോൾ ഞാൻ അത് അവർക്ക് കൊടുത്തു. കുറെനാൾ നിങ്ങളോടൊപ്പം താമസിക്കാനായി അവർ വരും. മിസ്റ്റർ ജോയിയോടും മിസ്സസ് പ്രോസ്പെരിറ്റിയോടുമൊപ്പം ഗംഭീരമായി ദീപാവലി ആഘോഷിക്കുക. – ഹരികുമാർ.)

അതോടെ രണ്ടുപേരും ചിരിക്കാൻ തുടങ്ങി.

അപ്പോഴെനിക്ക് ശരിക്കും ദേഷ്യം തോന്നി. ഇവരെന്താ ഞങ്ങളെ ഏപ്രിൽ ഫൂളാക്കിയമാതിരി ഒരു ചിരി?

"ഇയാളു പൊട്ടനേപ്പോലിരുന്നു ചിരിക്കാതെ കാര്യം വല്ലോമൊണ്ടേൽ പറ." ഞാൻ പറഞ്ഞു.

"ആ മെസ്സേജിന്റെ അവസാനത്തെ ഭാഗം ഒന്നൂടെ വായിച്ചുനോക്കിക്കേ. എന്താ അതിന്റെ അർഥം?"

മെസ്സേജ് ഒന്നുകൂടി വായിച്ചിട്ട് ഞാൻ മറുപടി പറഞ്ഞു:

"മിസ്റ്റർ ജോയിയോടും ഭാര്യയോടുമൊപ്പം ദീപാവലി ആഘോഷമാക്കൂ എന്ന്. വേറെന്താ?"

"ഭാര്യേടെ പേരൂടെപ്പറ."

"പ്രോസ്പെരിറ്റി. മിസ്സസ് പ്രോസ്പെരിറ്റി. അതിനെന്താ?"

"ഒരൽപം കോമൺസെൻസ് കാണിച്ചിരുന്നേൽ ഇതു മനസ്സിലായേനേം. ഒരുഗ്രീറ്റിങ് മെസ്സേജ് അല്ലേ ഇത്? ദീപാവലി ഗ്രീറ്റിങ്. അതിൽ ഇങ്ങനെയൊന്നു കണ്ടാൽ അർഥം മനസ്സിലാക്കാൻ വല്യ ബുദ്ധിയൊന്നും വേണ്ടല്ലോ?"

ഞാൻ ഒന്നുകൂടി മെസ്സേജിലേക്കു നോക്കി.

ഇപ്പോൾ അർഥം വ്യക്തമായി.

ആഹ്ലാദവും ഐശ്വര്യവും (ജോയ് ആൻഡ് പ്രോസ്പെരിറ്റി) നിങ്ങളോടൊപ്പം ഉണ്ടാകട്ടെ എന്ന ആശംസ. ആഹ്ലാദം, ഐശ്വര്യം ഇവയെ കലാപരമായി, ഭാര്യാഭർത്താക്കന്മാരായി ചിത്രീകരിച്ചിരിക്കുന്നു!

വെരി നൈസ്.

അപ്പോഴാണ് ഞാൻ അക്കാര്യം ഓർത്തത്.

രണ്ടായിരം രൂപ പോയതുതന്നെ.

ഞാൻ ആ വിവരം അവരോടു പറഞ്ഞു. വീണ്ടും പൊട്ടിച്ചിരി.

ഹരിയുടെ മുഖത്തേക്കുനോക്കിയ ഞാനും പൊട്ടിച്ചിരിച്ചുപോയി. എല്ലാം കണ്ട് അന്ധാളിച്ചുനിന്ന ശ്യാമളയെ ഉഷ കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കി.

പെട്ടെന്ന് പരിഭ്രമം നടിച്ചുകൊണ്ട് ഹരി പറഞ്ഞു.

“ഞാൻ ഇതേ മെസ്സേജ് വേറെ ചിലർക്കും അയച്ചിട്ടുണ്ട്. അവരും ഇങ്ങനെയൊക്കെ ചിന്തിച്ചാൽ....”

“ടൗണിൽ പെട്ടെന്ന് വീടുകൾക്ക് വാടകകൂടും.” ഉഷ.

“അങ്ങിനെ വരില്ല. എല്ലാവരും ഇതുപോലെ മണ്ടൂസുകളല്ലല്ലോ?” ശ്യാമള. കണ്ണുകൾ എന്റെനേരെ നീളുന്നു.

“നമ്മളെപ്പോലെ.” എന്റെ ഭാഗം ഞാനും പറഞ്ഞു.

കുറേസമയം കൂടി സംസാരിച്ചിരുന്നിട്ട് അവർ പോയി.

“ആ രണ്ടായിരം രൂപ തിരിച്ചുകിട്ടുമോ?” ശ്യാമള ചോദിച്ചു.

“അത് പോയിക്കിട്ടി.” ഞാൻ പറഞ്ഞു.

“കഷ്ടമായിപ്പോയി. എങ്കിലും നമുക്കിത് തോന്നിയില്ലല്ലോ?”

“വിനാശകാലേ വിപരീതബുദ്ധി.”

ഞാൻ ആ മെസ്സേജ് വീണ്ടും എടുത്തുനോക്കി. നല്ല ഭാവന.

ഇത് ആർക്കെങ്കിലും ഒന്നയച്ചാലോ.

നമുക്കിത് ആർക്കെങ്കിലും ഫോർവേഡ് ചെയ്യാം.“ ഞാൻ പറഞ്ഞു.

”എന്തിന്? ഒരാളേക്കൂടി മണ്ടനാക്കാനോ? അല്ലേത്തന്നെ ദീപാളിനാളില് രാത്രീലാണോ ദീപാളിഗ്രീറ്റിങ് അയയ്ക്കുന്നേ?“

”ഇത് ആ അർഥത്തിലല്ല ഞാനയയ്ക്കുന്നത്. അതിലെ സാരസ്യം മനസിലാകുന്ന ഒരാളിനയയ്ക്കുന്നു. അത്രമാത്രം.“

”എന്നാൽ നമുക്കിത് ഗായത്രിക്കയയ്ക്കാം.“

അവളുടെ സ്നേഹിതയുടെ മകളാണ് ഗായത്രി. മെഡിസിനുപഠിക്കുന്ന കുട്ടി.

ഞാൻ ഗായത്രിയുടെ മൊബയിലിലേക്ക് മെസ്സേജ് ഫോർവേഡ് ചെയ്തു.

ഒരുമണിക്കൂർ കഴിഞ്ഞുകാണും. വരുന്നൂ ഗായത്രിയുടെ ഫോൺ.

”അങ്കിൾ, മെസ്സേജ് കിട്ടി. നന്നായിരിക്കുന്നു. പക്ഷെ അതിന്റെഒടുവിൽ ഹരികുമാർ എന്നുകണ്ടല്ലോ? അതെന്താ? അങ്കിളിന് അങ്ങനെയൊരു പേരുണ്ടോ? അതോ ആ ഫോണീന്ന് വേറെവല്ലോരും അയച്ചതാണോ?“

എനിക്ക് അബദ്ധം മനസിലായി. മെസ്സേജ് ഗായത്രിക്കയച്ചപ്പോൾ ഹരികുമാർ എന്നഭാഗം മാറ്റാൻ വിട്ടുപോയി.

പക്ഷെ ഇത്തവണ ഞാൻ തോൽക്കാൻ തയാറല്ലായിരുന്നു.

”ഹരികുമാറോ?“

”അതെ. ഹരികുമാർ. ഹ-രി-കു-മാ-ർ.“

”അതിനിടയ്ക്ക് സ്പെയ്സ് ഇല്ലേ?“

”ഇല്ല.“

”എന്നാലതു വിട്ടുപോയതാരിക്കും. യഥാർഥത്തിൽ അത് മൂന്ന് വാക്കുകളാണ്. ഹാർ – ഇക് – ഉമർ. പതിനാറാം നൂറ്റാണ്ടിൽ ജീവിച്ച ഒരു സൂഫിവര്യൻ. അദ്ദേഹം ഇൻഡ്യയിലുള്ളപ്പോൾ ഒരു രാജാവിന് അയച്ച മെസ്സേജാണ് അത്.

“പതിനാറാം നൂറ്റാണ്ടിലും മൊബയിൽ ഫോണുണ്ടായിരുന്നോ?” ഗായത്രിയുടെ സ്വരത്തിൽ ആശ്ചര്യം.

“എടീ മണ്ടീ. അദ്ദേഹം എഴുതിക്കൊടുത്തയച്ച മെസ്സേജാണിത്.”

“അതുശരി.”

അതോടെ ആ അദ്ധ്യായം തീർന്നെന്നു ഞാൻ കരുതി. രണ്ടായിരം രൂപ പോയതു മിച്ചം. എന്നാലും നാളെ അയാളോടൊന്നു ചോദിച്ചുനോക്കാം. കിട്ടിയാൽ കിട്ടട്ടെ. അവർ വരുന്നില്ലെന്നുപറയാം.

പറ്റിയ മണ്ടത്തരം രാഘവനോടുപോലും പറയാൻ പറ്റില്ലല്ലോ.

ഡിസംബർ മുപ്പത്തിഒന്നാം തീയതി ഗായത്രിയുടെ ഫോൺ.

“അങ്കിളിൻെറ ദീപാവലി മെസ്സെജ് എഡിറ്റ് ചെയ്ത് ഞാൻ ന്യുഈയർ മെസ്സേജാക്കി.”

“വെരി ഗുഡ്.”

“പക്ഷെ അതിൻെറ ഒടുവിൽ വെറുതെ ഹാർ-ഇക്-ഉമർ എന്നുചേർക്കുകയല്ല ചെയ്തത്.”

“പിന്നെ?”

“മഹാനായ ഹാർ-ഇക്-ഉമർ ആശംസിക്കുന്നു എന്നെഴുതി.”

“മിടുക്കി.”

ഫോൺ ഓഫ് ചെയ്യുമ്പോൾ ഞാൻ ചിന്തിച്ചു. എന്തു മഠയത്തരമാണീ പെണ്ണു ചെയ്തത്? അവളുടെ മെസ്സേജ് കിട്ടുന്നവർ ഹാർ-ഇക്-ഉമർ ആരെന്നു തിരക്കും. ഞാൻ പറഞ്ഞ കള്ളം അവളും ആവർത്തിക്കും.

‘ഇതൊന്നും വേണ്ടായിരുന്നു.

’പെട്ടെന്നൊരു ചിന്ത മനസ്സിലെത്തി. അതോടെ എനിക്കാകെ പരിഭ്രമമായി.

പതിനാറാം നൂറ്റാണ്ടിൽ ജീവിച്ച സൂഫിവര്യനായ ഹാർ-ഇക്-ഉമറിനേപ്പറ്റി റിസർച്ച് നടത്താനായി ആരെങ്കിലും എന്നെ സമീപിച്ചാൽ അവരോട് ഞാൻ എന്തുപറയും?

†††††††††††††